**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 367** **19-03-2025 - ൽ മറുപടിയ്ക്ക്**

**വനം വകുപ്പിന്റെ പ്രധാന നേട്ടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി,<br>ശ്രീ. എം. എം. മണി,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനം വകുപ്പിന്റെ 2023-24 സാമ്പത്തികവർഷത്തെ പ്രധാന നേട്ടങ്ങൾ വിശദമാക്കാമോ; | (എ) | വനം വകുപ്പിന്റെ 2023-24 സാമ്പത്തിക വർഷത്തെ പ്രധാന നേട്ടങ്ങൾ താഴെപ്പറയുന്നവയാണ്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.<br><br>1. സ്വാഭാവിക വനങ്ങളുടെ പുന:സ്ഥാപനം<br><br>2. മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ<br><br>3. വനം സംരക്ഷണം<br><br>4. വനാശ്രിതരായ പട്ടികവർഗ്ഗവിഭാഗത്തിൽ നിന്ന് സ്പെഷ്യൽ റിക്രൂട്ട്മെന്റ്<br><br>5. ഇക്കോട്ടൂറിസം<br><br>6. തിരുവനന്തപുരം ജില്ലയിലെ കോട്ടൂരിൽ അത്യാധുനിക ആന പുനരധിവാസ കേന്ദ്രം.<br><br>7. പുത്തൂർ വനമേഖലയിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള മൃഗശാല<br><br>8. വനവത്ക്കരണം<br><br>9. സർക്കാർ വരുമാനം<br><br>10.ആദിവാസി വന സംരക്ഷണ സമിതികളിൽ ലൈബ്രറിയുടെ രൂപീകരണം<br><br>11. സ്നേഹ ഹസ്തം' മെഡിക്കൽ ക്യാമ്പ്<br><br>12. വിദ്യാവനം പദ്ധതി<br><br>13. നഗരവനം പദ്ധതി |

| | | | |
|---|---|---|---|
| | | | 14. ഫോറസ്ട്രി ക്ലബ്ബുകൾ<br>15. കാവുകളുടെ സംരക്ഷണത്തിന് ധനസഹായം<br>16. ഗ്രീൻ ഇന്ത്യ മിഷൻ<br>17. നഗർ വൻ യോജന<br>18. PVTG VDVK<br>19. വനശ്രീ പദ്ധതി<br>20. അടിസ്ഥാനസൗകര്യ വികസനം |
| (ബി) | വനപരിപാലനത്തിൽ സാമൂഹിക പങ്കാളിത്തവും സുസ്ഥിരമായ വനസംരക്ഷണത്തിൽ പ്രാദേശിക പങ്കാളിത്തവും ഉറപ്പ് വരുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു; വിശദമാക്കാമോ? | (ബി) | വനപരിപാലനത്തിൽ സാമൂഹിക പങ്കാളിത്തവും സുസ്ഥിരമായ വനസംരക്ഷണത്തിൽ പ്രാദേശിക പങ്കാളിത്തവും ഉറപ്പ് വരുത്തുന്നതിന് സ്വീകരിച്ച നടപടികൾ അനുബന്ധം 2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം-1**

**സ്വാഭാവിക വനങ്ങളുടെ പുന:സ്ഥാപനം**

- അക്കേഷ്യ, യൂക്കാലിപ്റ്റസ്, മാഞ്ചിയം തുടങ്ങിയ, പരിസ്ഥിതിക്കും, ആവാസവ്യവസ്ഥക്കും ദോഷകരമായതും, കാലിക പ്രാധാന്യം നഷ്ടപ്പെട്ടതുമായ വിദേശ വൃക്ഷങ്ങളും, അവ അടങ്ങിയ ഏകവിള തോട്ടങ്ങളും സെന്ന തുടങ്ങിയ അധിനിവേശ സസ്യങ്ങളും, ഘട്ടം ഘട്ടമായി നീക്കം ചെയ്ത് പകരം തദ്ദേശീയ വൃക്ഷങ്ങൾ നട്ടുപരിപാലിച്ച് സ്വാഭാവികവനങ്ങളുടെ പുന:സ്ഥാപന പ്രവൃത്തികൾ വനം വകുപ്പ് നടപ്പിലാക്കി വരുന്നു.
- 5585 ഹെക്ടർ സ്ഥലത്ത് പരിസ്ഥിതി പുനഃസ്ഥാപനപ്രവർത്തികൾ നടപ്പിലാക്കി വരുന്നു. ആയതിൽ 1584 ഹെക്ടർ സ്ഥലത്തു പുനഃസ്ഥാപന പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.
- ഏകവിള തോട്ടങ്ങൾ മിശ്രവിള തോട്ടങ്ങളായി മാറ്റുന്നതിന്റെ ഭാഗമായി 2023-24 വർഷത്തിൽ വിവിധ വനം ഡിവിഷനുകളിലെ 748 ഹെക്ടർ അക്കേഷ്യ, മാഞ്ചിയം തോട്ടങ്ങളിൽ നിന്നും 50,000 മെട്രിക് ടൺ അസംസ്കൃത വസ്തുക്കൾ കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് മുഖാന്തിരം നീക്കം ചെയ്തു തൽസ്ഥാനത്ത് തനതു വൃക്ഷയിനങ്ങൾ വച്ചു പിടിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ**

- മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണത്തിനുള്ള പ്രതിരോധ നിർമ്മിതികളായി 2023-24 വർഷത്തിൽ 84.09 കി.മീ. സൗരോർജ്ജവേലി, 112.01 കി.മീ. സൗരോർജ്ജ തൂക്കുവേലി, 1.09 കി.മീ ആനക്കിടങ്ങും, 1.52 കി.മീ. ആനപ്രതിരോധ മതിലും നിർമ്മിച്ചിട്ടുണ്ട്.
- വനത്തിനുള്ളിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി 2023-24 കാലയളവിൽ 103 ബ്രഷ് വുഡ് ചെക്ക് ഡാമുകൾ പുതുതായി നിർമ്മിക്കുകയും 25 ചെക്ക് ഡാമുകളിലും 176 കുളങ്ങളിലും പരിപാലന പ്രവൃത്തികൾ നടത്തുകയും ചെയ്തു. ഇത് കൂടാതെ 20 വയലുകൾ കളകൾ നീക്കം ചെയ്ത് പരിപാലിക്കുകയും ചെയ്തിട്ടുണ്ട്.
- 1288.22 ഹെക്ടർ പ്രദേശത്തെ അടിക്കാടുകൾ തെളിച്ച് (വിസ്ത ക്ലിയറൻസ്) മനുഷ്യ-വന്യമൃഗ സംഘർഷ സാധ്യത ഒഴിവാക്കുവാൻ സാധിച്ചു.
- വന മേഖലയിലെ മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി കിഫ്ബിയുടെ ധനസഹായത്തോടെ 100 കോടി അടങ്കൽ തുകയുള്ള ഒരു പദ്ധതി (Fencing along Identified Areas of Forest Boundary to Reduce Human-Wildlife Conflict under the Special Investment Plan (KIIFB)) വനം വകുപ്പ് നടപ്പാക്കി

വരുന്നു. പദ്ധതിക്ക് കീഴിൽ 2023-24 വർഷത്തിൽ നോർത്ത് വയനാട് ഡിവിഷനിൽ 4 കി.മീ. നീളത്തിൽ ക്രാഷ് ഗാർഡ് സ്റ്റീൽ റോപ്പ് ഫെൻസിങ് നിർമ്മിച്ചു.

- കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന സ്വയംസന്നദ്ധ പുനരധിവാസ പദ്ധതിയിൽ വിവിധ വനം ഡിവിഷനുകളിയായി 45.50 കുടുംബ യൂണിറ്റുകൾക്ക് 682.50 ലക്ഷം രൂപ വിതരണം ചെയ്യുകയും ഈ പദ്ധതി വഴി 12.3125 ഹെക്ടർ പ്രദേശത്തെ കുടുംബങ്ങളെ പുനരധിവസിപ്പിക്കുകയും ചെയ്തിട്ടുണ്ട്.
- കേരളം പുനർനിർമ്മാണ പദ്ധതി (RKDP) പ്രകാരം വനം വകുപ്പ് നടപ്പാക്കുന്ന 'നവകിരണം' സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിയിൽ 2023-24 സാമ്പത്തിക വർഷത്തിൽ വിവിധ വനം ഡിവിഷനുകളിയായി 235.50 കുടുംബ യൂണിറ്റുകൾക്ക് 3532.50 ലക്ഷം രൂപ വിതരണം ചെയ്യുകയും ഈ പദ്ധതി വഴി 43.7945 ഹെക്ടർ പ്രദേശത്തെ കുടുംബങ്ങളെ പുനരധിവസിപ്പിക്കുകയും ചെയ്തിട്ടുണ്ട്.
- മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ പൂർണ്ണഫലപ്രാപ്തിയിൽ എത്തിക്കുക ലക്ഷ്യമാക്കി വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിലേക്കും വനം വകുപ്പിന് പുറമേ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടേയും വിവിധ സർക്കാർ വകുപ്പുകളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നതിനുമായി മനുഷ്യ-വന്യമൃഗ സംഘർഷം 07-03-2024 ലെ ഉത്തരവ് നം. (കൈ) 4/2024/DMD പ്രകാരം സംസ്ഥാന സവിശേഷ ദുരന്തമായി സർക്കാർ പ്രഖ്യാപിക്കുകയുണ്ടായി.
- മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനായി വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഫലപ്രദമായി ഏകോപിപ്പിച്ചുകൊണ്ട് സംഘർഷ സാഹചര്യങ്ങൾ സുരക്ഷിതമായി കൈകാര്യം ചെയ്യുന്നതിനുള്ള മാർഗനിർദേശങ്ങൾ 07-03-2024 ലെ ഉത്തരവ് നം. (കൈ) 12/2024/വനം പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.
- സംസ്ഥാന സവിശേഷ ദുരന്തമായി പ്രഖ്യാപിച്ചതുമൂലം മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾക്കായി ദുരന്തനിവാരണ അതോറിറ്റിയുടേയും ഇതര വകുപ്പുകളായ റവന്യൂ, പോലീസ്, അഗ്നിശമന സേന, തദ്ദേശ സ്വയംഭരണം തുടങ്ങിയവയുടെ അടിയന്തിര ഇടപെടലും പിന്തുണയും സഹകരണവും സാധ്യമാകുന്നു.
- വനം ആസ്ഥാനത്ത് കൺട്രോൾ റൂം (SFEOC: State Forest Emergency Operations Centre) പ്രവർത്തനം ആരംഭിക്കുകയും ഇതേ മാതൃകയിൽ ഡിവിഷൻ തലത്തിൽ 36 കൺട്രോൾ റൂമുകൾ (DEOC: Division Emergency Operations Centre) രൂപീകരിക്കുകയും ചെയ്തു. ടി കൺട്രോൾ റൂമുകൾ മുഖാന്തിരം കൃത്യമായി അതാതു ദിവസങ്ങളിലെ

മനുഷ്യ-വന്യമൃഗ സംഘർഷ സംബന്ധമായ വിവരങ്ങൾ ശേഖരിക്കുകയും, സംഘർഷ നിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്തുവരുന്നു. സംസ്ഥാനതല കൺട്രോൾ റൂമിൽ ലഭിച്ച വിവരങ്ങൾ ക്രോഡീകരിക്കുകയും അതനുസരിച്ച് ഹീറ്റ് മാപ്പുകൾ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഈ മാപ്പുകൾ ഭാവി പ്രവർത്തനങ്ങൾ മുൻകൂട്ടി ആസൂത്രണം ചെയ്യുന്നതിന് സഹായകമാണ്.

**വനം സംരക്ഷണം**

- 2023-24 സാമ്പത്തിക വർഷത്തിൽ 1528 ജണ്ടകൾ നിർമ്മിച്ച് വനാതിർത്തികൾ സംരക്ഷിക്കുന്ന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുകയുണ്ടായി.
- അഗ്നിപ്രതിരോധ പ്രവർത്തനങ്ങൾക്കായി ടെറിട്ടോറിയൽ/വൈൽഡ്ലൈഫ് സർക്കിളുകളിലായി 2665.13 കി.മീ. ദൂരത്തിൽ ഫയർലൈനുകൾ / ഫയർ ബ്രേക്കുകൾ തയ്യാറാക്കി.
- അഗ്നിപ്രതിരോധ പ്രവർത്തനങ്ങൾക്കായി താൽക്കാലിക ഫയർ വാച്ചർമാരെ നിയോഗിച്ചതു വഴി 143083 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുകയും 1185.31 ലക്ഷം രൂപ വേതനയിനത്തിൽ വിനിയോഗിക്കുകയും ചെയ്തിട്ടുള്ളതാണ്.
- പട്രോളിംഗിനും സംരക്ഷണ പ്രവർത്തനങ്ങൾക്കുമായി 857.98 കി.മീ. ട്രെക്ക് പാത്തുകൾ പരിപാലിച്ചു ഉപയോഗയോഗ്യമാക്കി.

**വനാശ്രിതരായ പട്ടികവർഗ്ഗവിഭാഗത്തിൽ നിന്ന് സ്പെഷ്യൽ റിക്രൂട്ട്മെന്റ്**

- വനാശ്രിതരായ പട്ടികവർഗ്ഗവിഭാഗത്തിൽ നിന്ന് സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന നിയമനം നടത്തുന്നതിനായി 500 ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികകൾ സൃഷ്ടിച്ച് സർക്കാർ ഉത്തരവാകുകയും തുടർന്ന് നിയമന നടപടികൾ പൂർത്തീകരിച്ച പബ്ലിക്ക് സർവ്വീസ് കമ്മീഷൻ 2023 വർഷത്തിൽ ഇടുക്കി, പാലക്കാട്, കാസർഗോഡ് ജില്ലകൾ ഒഴികെയുള്ള എല്ലാ ജില്ലകളിലെയും ഉദ്യോഗാർത്ഥികൾക്ക് നിയമന ശുപാർശകൾ അയയ്ക്കുകയും തുടർന്ന് നിയമന ഉത്തരവ് നൽകുകയും ചെയ്തു. കാസർഗോഡ്, പാലക്കാട്, ഇടുക്കി ജില്ലകളിലെ നിയമന ശുപാർശ കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ 2023 മേയ് മാസത്തിൽ നൽകിയതിനെത്തുടർന്ന്, വകുപ്പ് നിയമന ഉത്തരവ് നൽകി.
- നിയമന ഉത്തരവ് നൽകിയ ഉദ്യോഗാർത്ഥികളെ 6 മാസത്തെ ഫോറസ്ട്രി ട്രെയിനിംഗും, 3 മാസത്തെ പോലീസ് ട്രെയിനിംഗും നൽകുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിക്കുകയും തൃശ്ശൂർ പോലീസ് ട്രെയിനിംഗ് അക്കാദമിയിൽ 2023 മേയ് 1-ന് ട്രെയിനിംഗ് ആരംഭിക്കുകയും ചെയ്തു. ഈ ട്രെയിനിംഗ് 07-02-2024-ന് പൂർത്തിയായി. 89 വനിതകൾ ഉൾപ്പെടെ 462 പേർ ട്രെയിനിംഗ് പൂർത്തീകരിച്ച്

വനസേനയുടെ ഭാഗമായി.

**ഇക്കോട്ടൂറിസം**

- ഇക്കോട്ടൂറിസം പ്രവർത്തനങ്ങളിലൂടെ 2023-24 സാമ്പത്തിക വർഷത്തിൽ വനാശ്രിത സമൂഹങ്ങൾക്ക് 449983 തൊഴിൽ ദിനങ്ങൾ പ്രധാനം ചെയ്യുവാൻ സാധിച്ചിട്ടുണ്ട്. വിവിധ ഇക്കോട്ടൂറിസം കേന്ദ്രങ്ങളിലായി 2172 പേർ ഗൈഡുകളായി പ്രവർത്തിച്ചുവരുന്നു.
  ഇക്കോട്ടൂറിസവുമായി ബന്ധപ്പെട്ട് 2023-24 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.
- സംസ്ഥാനത്തെ പ്രധാനപ്പെട്ട ദേശീയ ഉദ്യാനങ്ങളിൽ ഒന്നായ ഇരവികുളം നാഷണൽ പാർക്കിൽ പുതുതായി ഒരു 'വെർച്ചൽ റിയാലിറ്റി എക്സ്പീരിയൻസ് സെന്റർ' 2023-24 വർഷത്തിൽ പ്രവർത്തനം ആരംഭിച്ചു.
- ഇരവികുളം ദേശീയ പാർക്കിനെ ഒരു കാർബൺ ന്യൂട്രൽപാർക്ക് ആക്കിമാറ്റുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി പാർക്കിലെ ഇക്കോട്ടൂറിസം മേഖലയിൽ സഫാരിക്കായി നിലവിലുണ്ടായിരുന്ന 9 ഇലക്ട്രിക്ക് ബസുകളോടൊപ്പം പുതുതായി 5 ഗോൾഫ്കാർട്ടുകളും 2023-24 വർഷത്തിൽ പ്രവർത്തനം ആരംഭിച്ചു.
- കോന്നി, പൊന്മുടി, നെയ്യാർ എന്നീ ഇക്കോട്ടൂറിസം കേന്ദ്രങ്ങളിൽ സഞ്ചാരികൾക്ക് ദൃശ്യവിസ്മയങ്ങൾ പകർന്നു നൽകുന്നതിനായി മൂന്ന് 3D തീയറ്ററുകൾ പ്രവർത്തനം ആരംഭിച്ചുണ്ട്.
- തിരുവനന്തപുരം വനം ഡിവിഷന് കീഴിൽ കുളത്തൂപ്പുഴയിൽ ഒരു 'ഫോറസ്റ്റ് മ്യൂസിയം' 2023-24 വർഷത്തിൽ പ്രവർത്തനം ആരംഭിച്ചു.

**തിരുവനന്തപുരം ജില്ലയിലെ കോട്ടൂരിൽ അത്യാധുനിക ആന പുനരധിവാസ കേന്ദ്രം.**

- തിരുവനന്തപുരം ജില്ലയിലെ കോട്ടൂരിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു ആന പുനരധിവാസ കേന്ദ്രം കിഫ്ബിയുടെ ധന സഹായത്തോടെ സ്ഥാപിക്കാൻ കേരള സർക്കാർ തീരുമാനിച്ചു.
- 105 കോടി രൂപയ്ക്ക് സർക്കാർ ഭരണാനുമതി നൽകിയ കേന്ദ്രത്തിൽ 50 ആനകളെ പാർപ്പിക്കുന്നതിനുള്ള സൗകര്യങ്ങളും സന്ദർശകർക്കുള്ള സൗകര്യങ്ങളും നിർമ്മിച്ചിട്ടുണ്ട്.
- എൻട്രൻസ് പ്ലാസ, അഡ്മിൻ ബ്ലോക്ക്, കഫറ്റീരിയ, ടോയ്‌ലറ്റ് ബ്ലോക്ക്, വെറ്ററിനറി ആശുപത്രി, കുഞ്ഞ് ആനസംരക്ഷണകേന്ദ്രം, ഐസൊലേഷൻ, ക്വാറന്റൈൻ സെന്റർ എന്നിവയുടെ പ്രവർത്തനങ്ങൾ 2021 ജനുവരി അവസാനത്തോടെ പൂർത്തിയാക്കിയിട്ടുണ്ട്.

- കാവടിമൂല മുതൽ എലിഫെന്റ് റീഹാബിലിറ്റേഷൻ സെന്റർ എൻട്രൻസ് വരെ 1710 മീറ്റർ എൽ.എസ്.ജി.ഡി റോഡ് 7 മീറ്റർ വീതിയിൽ അന്താരാഷ്ട്ര നിലവാരത്തിൽ (Pavement quality concrete road) ഏകദേശം ആറ് കോടിയോളം രൂപ ചെലവിൽ നവീകരിക്കുകയും, ഗതാഗത യോഗ്യമാക്കുകയും ചെയ്തു.
- 2024 ഒക്ടോബർ മാസം 11 ആം തീയതി പ്രോജക്റ്റ് ഉദ്ഘാടനം നടത്തുകയും ചെയ്തു.

**പുത്തൂർ വനമേഖലയിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള മൃഗശാല**

തൃശ്ശൂർ ജില്ലയിലെ തൃശ്ശൂർ മ്യൂസിയത്തിനോടനുബന്ധിച്ചുള്ള 100 വർഷം പഴക്കമുള്ള മൃഗശാല, തൃശ്ശൂരിൽ നിന്ന് 12 കിലോമീറ്റർ അകലെയുള്ള പുത്തൂർ വനമേഖലയിൽ 340 ഏക്കർ വിസ്തീർണ്ണത്തിൽ സ്ഥിതിചെയ്യുന്ന വിശാലമായ മൃഗശാലയിലേക്ക് മാറ്റുകയാണ്. അന്താരാഷ്ട്ര മൃഗശാല ഡിസൈനർ ജോൺ കോയിയുടെ രൂപകൽപ്പനയിൽ പുത്തൂർ മൃഗശാല രാജ്യത്തെ ആദ്യത്തെ സമകാലീന രൂപകല്പനയിൽ നിർമ്മിച്ച മൃഗശാലയായിരിക്കും.

വിശാലമായ പാർക്കിംഗ് ഏരിയകൾ, സേവന റോഡുകൾ, ട്രാം പാതകൾ, സന്ദർശക പാതകൾ, സമകാലീന സൗകര്യങ്ങളുള്ള മൃഗശാല ആശുപത്രി സമുച്ചയം, പ്രവേശന പ്ലാസ, കഫേടീരിയ, ടോയ്‌ലറ്റ് ബ്ലോക്കുകൾ എന്നിവ 360 കോടി രൂപയുടെ ചെലവിൽ നിർമ്മിക്കുന്നു. നാലു എൻക്ലോഷറുകളുടെ നിർമാണം, അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്, മൃഗശാല ആശുപത്രി സമുച്ചയം എന്നിവ 2021 ഫെബ്രുവരിയോടെ പൂർത്തീകരിച്ചു.

തൃശ്ശൂർ സുവോളജിക്കൽ പാർക്കിന് 2022 മെയ് മാസത്തിൽ കേന്ദ്ര മൃഗശാല അതോറിറ്റി അംഗീകാരം നൽകി. തൃശ്ശൂർ മൃഗശാലയിലെ മൃഗങ്ങളെ പുത്തൂരിലേക്ക് മാറ്റുന്നതിന് 2023 സെപ്റ്റംബറിൽ അതോറിറ്റി അനുമതി നൽകി. 2025 ലെ ഓണവാരത്തിൽ പൊതുജനങ്ങൾക്കായി സൗകര്യം തുറന്നുകൊടുക്കാനും പദ്ധതിയിട്ടിട്ടുണ്ട്.

**വനവത്ക്കരണം**

2023-24 സാമ്പത്തിക വർഷത്തിൽ 430.52 ഹെക്ടർ തേക്ക്, മറ്റ് പലയിനം തോട്ടങ്ങൾ നിർമ്മിക്കാൻ സാധിച്ചു.

**സർക്കാർ വരുമാനം**

നികുതിയേതര വരുമാനമായി 2023-24-ൽ തടി വില്പനയിലൂടെ മാത്രം 261.02 കോടി രൂപ സമാഹരിക്കാൻ കഴിഞ്ഞു.

**ആദിവാസി വന സംരക്ഷണ സമിതികളിൽ ലൈബ്രറിയുടെ രൂപീകരണം**

വനത്തിനുള്ളിലെ പട്ടികവർഗ്ഗ നഗറുകളിൽ ലൈബ്രറികൾ സ്ഥാപിക്കുന്നതിനായി

2023-24 സാമ്പത്തിക വർഷത്തിൽ സംസ്ഥാന വന വികസന ഏജൻസിയിൽ നിന്നും 11.00 ലക്ഷം രൂപ 44 വന വികസന ഏജൻസികൾക്കായി (FDA) വിതരണം ചെയ്തു. ടി തുക ഉപയോഗിച്ച് സംസ്ഥാനത്തൊട്ടാകെ 44 എണ്ണം ലൈബ്രറികൾ സ്ഥാപിച്ചു.

**'സ്നേഹ ഹസ്തം' മെഡിക്കൽ ക്യാമ്പ്**

ആരോഗ്യം, പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പുകളുമായി ചേർന്ന് ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ (IMA) സഹകരണത്തോടെ കേരളത്തിലെ 250 ആദിവാസി ഗ്രാമങ്ങളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. 2023-24 സാമ്പത്തിക വർഷത്തിൽ 13 ക്യാമ്പുകളിലായി 3417 പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് മെഡിക്കൽ സൗകര്യങ്ങൾ എത്തിക്കുവാൻ ഈ പദ്ധതി വഴി സാധിച്ചു .

**വിദ്യാവനം പദ്ധതി**

വിദ്യാലയങ്ങളുടെ ചുറ്റുപാടുകളിൽ ചുരുങ്ങിയ സ്ഥലത്ത് സ്വാഭാവിക വനങ്ങൾക്ക് സമാനമായി അതിസാന്ദ്രതയിൽ നട്ടുവളർത്തിയെടുക്കുന്ന ചെറുവനങ്ങളാണ് വിദ്യാവനം. ഈ പദ്ധതിപ്രകാരം 13 ജില്ലകളിലായി ആകെ 44 വിദ്യവനങ്ങൾ ആരംഭിച്ചു.

**നഗരവനം പദ്ധതി**

സ്വാഭാവിക വനത്തെ അനുസ്മരിപ്പിക്കുംവിധം നഗരങ്ങളിൽ ചെറുപച്ചത്തുരുത്തുകൾ കൃത്രിമമായി വളർത്തിയെടുക്കുന്ന നഗരവനം പദ്ധതിയിൽ 4 ജില്ലകളിലായി ആകെ 6 നഗരവനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

**ഫോറസ്ട്രി ക്ലബ്ബുകൾ**

വനസംരക്ഷണത്തിന്റെ പ്രാധാന്യത്തെപ്പറ്റി കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്നതിലേയ്ക്കായി ഫോറസ്ട്രി ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്താകെ 1131 ഫോറസ്ട്രി ക്ലബ്ബുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**കാവുകളുടെ സംരക്ഷണത്തിന് ധനസഹായം**

കാവുകളെ സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും പ്രോത്സാഹനം നൽകുന്നതിലേയ്ക്കായി എല്ലാവർഷവും ജില്ലാടിസ്ഥാനത്തിൽ 5 കാവുകൾ വീതം തെരഞ്ഞെടുത്ത് ധനസഹായം നൽകിവരുന്നു. ഈ പദ്ധതി പ്രകാരം 2023-24 കാലഘട്ടത്തിൽ 51 കാവുകളെ തെരഞ്ഞെടുത്തിട്ടുണ്ട്.

**ഗ്രീൻ ഇന്ത്യ മിഷൻ**

ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതിയിൻ കീഴിൽ മുൻ വർഷം നീക്കിയിരിപ്പായി ഉണ്ടായിരുന്ന

287.09 ലക്ഷം രൂപ വിനിയോഗിച്ച് 3547.68 ഹെക്ടർ വന പ്രദേശത്ത് പദ്ധതി പ്രവർത്തനങ്ങൾ നടപ്പാക്കി. കൂടാതെ വനാശ്രിത സമൂഹത്തിലെ അംഗങ്ങൾക്ക് 1295 പുനരുപയോഗക്ഷമവും, പ്രകൃതിദത്തവുമായ ഇന്ധന-ഊർജ്ജ സംവിധാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു.

**നഗർ വൻ യോജന**

2023-24 സാമ്പത്തിക വർഷത്തിൽ 25 സൈറ്റുകളിൽ പദ്ധതി പ്രവർത്തനങ്ങൾ നടത്തുന്നതിനായി 1507.54 ലക്ഷം രൂപ അടങ്കൽ തുകയുള്ള APO കേന്ദ്ര സർക്കാർ അംഗീകരിച്ച് ഒന്നാം ഗഡുവായി 1055.27 ലക്ഷം രൂപ അനുവദിച്ചു. ടി തുകയിൽ 21 സൈറ്റുകളിൽ പദ്ധതി പ്രവർത്തനങ്ങൾ നടത്തുന്നതിനായി 340 ലക്ഷം രൂപ ചിലവഴിച്ചു.

**PVTG VDVK**

PVTG VDVK പദ്ധതിയിൻ കീഴിൽ നോർത്ത് വയനാട് വനം ഡിവിഷൻ, വയനാട് വന്യജീവി ഡിവിഷൻ, മണ്ണാർക്കാട് വനം ഡിവിഷൻ എന്നിവിടങ്ങളിലായി 5 PVTG VDVK-കൾ രൂപീകരിക്കുന്നതിനായി കേന്ദ്ര സർക്കാർ 21.65 ലക്ഷം രൂപയുടെ APO അംഗീകരിച്ച് ഒന്നാം ഗഡുവായി 10.825 ലക്ഷം രൂപ അനുവദിച്ചു. ടി VDVK-കൾ സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്നു.

**വനശ്രീ പദ്ധതി**

നിലവിൽ സംസ്ഥാനത്തൊട്ടാകെ പ്രവർത്തിച്ചു വരുന്ന 74 വനശ്രീ യൂണിറ്റുകൾ വഴി 2023-24 സാമ്പത്തിക വർഷത്തിൽ 897.00 ലക്ഷം രൂപയുടെ വിറ്റുവരവ് നടത്തിയിട്ടുള്ളതാണ്.

**അടിസ്ഥാനസൗകര്യ വികസനം**

1. കൊക്കാത്തോട് മോഡൽ ഫോറസ്റ്റ് സ്റ്റേഷൻ റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് സ്കീമിൽ 95 ലക്ഷം രൂപ ചെലവിൽ 2023 ൽ പണി പൂർത്തിയാക്കിയിട്ടുള്ളതാണ്.
2. നോർത്ത് കുമരംപേരൂർ മോഡൽ ഫോറസ്റ്റ് സ്റ്റേഷൻ, റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് സ്കീമിൽ 95 ലക്ഷം രൂപ ചെലവിൽ 2023 ൽ പണി പൂർത്തിയാക്കിയിട്ടുള്ളതാണ്.
3. അച്ചൻകോവിൽ-അലിമുക്ക് റോഡ് 744 ലക്ഷം രൂപ ചെലവിൽ 2023 ൽ പണി പൂർത്തിയാക്കിയിട്ടുള്ളതാണ്.
4. നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി ഫോറസ്റ്റ് ഡിപ്പോ കോമ്പൗണ്ടിന് സമീപം 76.60 ലക്ഷം രൂപ ചെലവഴിച്ച് കുളത്തൂപ്പുഴ റെയിഞ്ച് ഫോറസ്റ്റ് ഓഫീസിന് പുതിയതായി കെട്ടിടം പണി കഴിപ്പിച്ചു.

5. വനസംരക്ഷണത്തിനും, മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനും അമ്പനാർ ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ അമ്പനാട് കേന്ദ്രമാക്കി ഒരു ആന്റീ പോച്ചിംഗ് ക്യാമ്പ് ഷെഡ് 2023-24 സാമ്പത്തിക വർഷം പൂർത്തിയാക്കി.
6. ദേവികുളത്ത് RRT & veterinary facility യുടെയും കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയായിട്ടുള്ളതാണ്.

7. തിരുവനന്തപുരം ഡിവിഷനിലെ പാലോട് റെയിഞ്ചിൽ കല്ലാർ, മണ്ണാർക്കാട് ഡിവിഷനിലെ അഗളി റെയിഞ്ചിൽ ആനക്കട്ടി, നെന്മാറ ഡിവിഷനിലെ നെല്ലിയാമ്പതി റെയിഞ്ചിൽ പോത്തുണ്ടി, കോട്ടയം ഡിവിഷനിലെ എരുമേലി റെയിഞ്ചിൽ വഴിക്കടവ്, കോതമംഗലം ഡിവിഷനിലെ തൊട്ടുപുഴ റെയിഞ്ചിൽ ഉരുതിക്കളം, മറയൂർ ഡിവിഷനിലെ മറയൂർ റെയിഞ്ചിൽ ചട്ടമൂന്നാർ, മൂന്നാർ ഡിവിഷനിലെ മൂന്നാർ റെയിഞ്ചിൽ തലക്കോട് , വയനാട് വന്യജീവി സങ്കേതത്തിൽ മുത്തങ്ങ, ബാവലി, തോൽപ്പെട്ടി എന്നിവിടങ്ങളിൽ സംയോജിത ചെക്ക് പോസ്റ്റുകൾ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചു.
8. 2023-24 വർഷത്തിൽ ചൂലന്നൂർ മയിൽ സങ്കേത്തിൽ മയിൽ മ്യൂസിയത്തിന്റെ നിർമ്മാണം നടത്തിയിട്ടുള്ളതാണ്.
9. സൈലന്റ് വാലി നാഷണൽ പാർക്കിൽ മുക്കാലി മുതൽ സൈരന്ധ്രി വരെയുള്ള 21 കി.മീ റോഡ് നവീകരണം നബാർഡ് പദ്ധതിയിൽ നടപ്പിലാക്കി പൂർത്തീകരിച്ചു.
10. സൈലന്റ് വാലി നാഷണൽ പാർക്ക് റെയിഞ്ചിലെ ബഫർസോൺ ഏരിയയിൽ അമ്പലപ്പാറയിൽ നബാർഡ് പദ്ധതിയിൽ ഫോറസ്റ്റ് സ്റ്റേഷൻ കെട്ടിടം നിർമ്മിച്ചു.
11. അരിപ്പ സംസ്ഥാന വനപരിശീലന കേന്ദ്രത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി ഒരു മൾട്ടി പർപ്പസ് ഇൻഡോർ കോർട്ട് കോംപ്ലക്സും നീന്തൽ കുളവും നിർമ്മാണം പൂർത്തീകരിച്ച് ഉപയോഗിച്ചുവരുന്നു. കൂടാതെ ബസ്സ് ഷെഡ് കം ഓപ്പൺ എയർ ആഡിറ്റോറിയം, മെസ്സ് ഹാൾ, ടോയിലറ്റ് ബ്ലോക്ക് എന്നിവയുടെ നവീകരണ പ്രവൃത്തികൾ പൂർത്തികരിച്ചിട്ടുണ്ട്.
12. 2023-24 സാമ്പത്തിക വർഷത്തിൽ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി അരിപ്പയിൽ അക്കാഡമിക് കം അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, ട്രെയിനീസ് ഹോസ്റ്റൽ ബ്ലോക്ക്, എക്സിക്യൂട്ടീവ് ഹോസ്റ്റൽ ബ്ലോക്ക് എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുമുണ്ട്.

13. വാളയാർ സംസ്ഥാന വനപരിശീലന കേന്ദ്രത്തിൽ 2023-24 സാമ്പത്തിക വർഷത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി രണ്ട് ബാരക്കുകൾ നവീകരിക്കുകയും കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനും ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുന്നതിലേക്കുമായി ഒരു കിണറും ജലശുചീകരണ പ്ലാന്റും സ്ഥാപിച്ചിട്ടുണ്ട്.

**അനുബന്ധം -2**

വനാശ്രിത സമൂഹങ്ങളെ ഉൾപ്പെടുത്തി ടെറിറ്റോറിയൽ വനം ഡിവിഷനുകളിൽ വന സംരക്ഷണ സമിതികളും (VSS), വന്യജീവി സങ്കേതങ്ങൾ, ദേശീയോദ്യാനങ്ങൾ എന്നിവ ഉൾപ്പെടുന്ന സംരക്ഷിത വന മേഖലകൾ ഉൾപ്പെടുന്ന വൈൽഡ് ലൈഫ് ഡിവിഷനുകളിൽ ഇക്കോ-ഡെവലപ്പ്മെന്റ് കമ്മിറ്റികളും (EDC) രൂപീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ സംസ്ഥാനത്തൊട്ടാകെ 427 VSS-കളും, 213 EDC-കളും രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. ടി VSS/EDC-കളിലായി ഏകദേശം 71500 കുടുംബങ്ങൾ അംഗങ്ങളാണ്. ഓരോ VSS/EDC-കളും 200 മുതൽ 300 വരെ ഹെക്ടർ സമീപ വന പ്രദേശങ്ങൾ PFM മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് പരിപാലിച്ചു വരുന്നു. പങ്കാളിത്ത വന പരിപാലനത്തിന്റെ ഭാഗമായി നടപ്പാക്കുന്ന വിവിധ വനവൽക്കരണ, വന സംരക്ഷണ പ്രവർത്തനങ്ങളിൽ VSS/EDC-കൾ പങ്കാളികളാകുന്നു. ഇത്തരത്തിൽ വനം വകുപ്പ് നടപ്പാക്കുന്ന ഗ്രീൻ ഇന്ത്യ മിഷൻ (GIM) പദ്ധതി VSS/EDC-കൾ വഴി നടപ്പാക്കുന്നു. സന്ദർശക സുരക്ഷയ്ക്കും, പ്രദേശത്തിന്റെ പരിപാലനത്തിനായും ഇക്കോടൂറിസം കേന്ദ്രങ്ങളിൽ ഗൈഡുകളായി VSS/EDC അംഗങ്ങളെയാണ് നിയോഗിച്ചു വരുന്നത്. സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന 80 ഇക്കോടൂറിസം കേന്ദ്രങ്ങളിലായി VSS/EDC അംഗങ്ങളായ ആദിവാസി വിഭാഗത്തിൽപ്പെട്ട 505 പുരുഷന്മാരും 226 സ്ത്രീകളും, ആദിവാസി ഇതര വിഭാഗത്തിൽപ്പെട്ട 734 പുരുഷന്മാരും 707 സ്ത്രീകളും അങ്ങനെ ആകെ 2172 പേർ ഗൈഡുകളായി നിയോഗിച്ചു വരുന്നു. ഇക്കോടൂറിസം നടത്തിപ്പിലൂടെ 449983 തൊഴിൽ ദിനങ്ങൾ വനാശ്രിത സമൂഹങ്ങൾക്ക് പ്രദാനം ചെയ്യുവാൻ സാധിക്കുന്നുണ്ട്. വനം വകുപ്പ് നടപ്പാക്കുന്ന കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങളിൽ VSS/EDC-കളെ പങ്കാളികളാക്കുന്നു. കൂടാതെ വനാതിർത്തിയിൽ ജീവിക്കുന്ന ജനവിഭാഗങ്ങളെ സഹകരിപ്പിക്കുന്ന വന മേഖല ജാഗ്രതാ സമിതികൾ എല്ലാ വനം ഡിവിഷനുകളിലും രൂപീകരിച്ചിട്ടുണ്ട്. വനത്തിനുള്ളിലെ വിദ്ധ്വംസക, നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിനും വനം, പോലീസ്, റവന്യു, പട്ടികവർഗ്ഗ വികസന വകുപ്പുകളും, മറ്റ് പ്രകൃതി സംരക്ഷണ സമിതികളും, സർക്കാരിതര സംഘടനകളും ടി സമിതികളിൽ സഹകരിച്ചു പ്രവർത്തിക്കുന്നു.

വനം-വന്യജീവി സംരക്ഷണത്തിനും പരിപാലനത്തിനും കാട്ടുതീ പ്രതിരോധത്തിനും മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണത്തിനും സഹായകരമായ പ്രവർത്തനങ്ങൾക്ക് ഇ.ഡി.സി.കൾ വഴി പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നു. വനാശ്രിത സമൂഹങ്ങളുടെ സാമൂഹികാവശ്യങ്ങൾ നിറവേറ്റുന്നതിനും, തൊഴിൽ, വരുമാനം എന്നിവ മെച്ചപ്പെടുത്തുന്നതിലൂടെയും വനമേഖലയിലുള്ളവരുടെ വനാശ്രിതത്വം കുറയ്ക്കുന്നതിനും വിദ്യാഭ്യാസ സാംസ്കാരിക ഉന്നമനം ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനും പങ്കാളിത്ത പരിപാലനം വഴി സാധിച്ചിട്ടുള്ളതാണ്. സുസ്ഥിര വന-വന്യജീവി സംരക്ഷണാർത്ഥം കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങളിൽ പ്രദേശവാസികളായ ഗോത്രവർഗ്ഗവിഭാഗത്തിൽപ്പെട്ടവർ ഉൾപ്പെടെയുള്ളവരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഫയർ വാച്ചർ, ഫയർഗ്യാംങ് എന്നിവ രൂപീകരിച്ചും കാട്ടുതീ പ്രതിരോധ പ്രവർത്തികളിൽ തൊഴിൽ നൽകിക്കൊണ്ടും, ഇക്കോ റിസ്റ്റോറേഷൻ, ഇക്കോ-ടൂറിസം, വനത്തിനുള്ളിലെ മാലിന്യ നിർമ്മാർജ്ജനം, തുടങ്ങിയവയിലും പങ്കാളിത്തവും സഹകരണവും ഉറപ്പുവരുത്തുന്നു. മിഷൻ സോളാർ ഫെൻസിംഗ് പോലുള്ള പുതുതായി വിഭാവന ചെയ്തിട്ടുള്ള തീവ്രയജ്ഞ പരിപാടികളിൽ വിദ്യാർത്ഥി സമൂഹം ഉൾപ്പെടെയുള്ളവരുടെ സജീവ പങ്കാളിത്തം ഉറപ്പു വരുത്തുന്നുണ്ട്. ഇതിനു പുറമേ മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണ പ്രവർത്തനങ്ങളിൽ അടിയന്തിരവും അവസരോചിതവുമായ ഇടപെടലുകൾക്ക് പ്രാദേശിക

അടിസ്ഥാനത്തിൽ പൊതുജനങ്ങളുടെ സന്നദ്ധ കൂട്ടായ്മ രൂപീകരിക്കുവാൻ മിഷൻ പ്രൈമറി റെസ്പോൺസ് ടീം എന്നൊരു തീവ്രയജ്ഞ പരിപാടിയും വനം വകുപ്പ് തുടക്കം കുറിച്ചിട്ടുള്ളതാണ്. കൂടാതെ വനസംരക്ഷണത്തെയും പരിപാലനത്തെയും കുറിച്ച് പ്രാദേശിക ജനവിഭാഗത്തിന് അവബോധം നൽകുന്നതിനായി വിവിധ പ്രചാരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു.